ഉത്തരം

(എ) വനിതാ വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി താഴെ പറയുന്ന പ്രത്യേക പ്രോൽസാഹന സഹായങ്ങൾ ഇപ്പോൾ നൽകുന്നുണ്ട്.

1. വനിതാ വ്യവസായ സംരംഭങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം.
2. മാനേജീരിയൽ ഗ്രാൻറ്.
3. മെഷീനറി ഗ്രാൻറ്.
4. കെട്ടിടവാടക ഗ്രാൻറ്.
5. പരിശീലന സമയത്ത് സ്റ്റൈപ്പൻറിനുള്ള ഗ്രാൻറ്.
6. ഇൻഡസ്ട്രിയൽ മാനേജ്മെൻറിൽ സ്റ്റൈപ്പൻറോടുകൂടിയ ഹ്രസ്വകാല പരിശീലന കോഴ്സ്.
7. 6 വർഷക്കാലത്തേക്ക് സ്ഥിര മൂലധന നിക്ഷേപത്തിൻറെ 90 ശതമാനത്തിൽ കവിയാത്ത തുകയ്ക്കുള്ള വിൽപ്പന നികുതിയിളവ്.

(ബി) വനിതാ വ്യവസായ സംരംഭകർക്ക്, ഹരിജന ഗിരിജന വ്യവസായ സംരംഭകർക്കെന്നപോലെ വ്യവസായ വകുപ്പിൽ നിന്നും 15,000 രൂപ വരെ നേരിട്ട് വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിൻറെ പരിഗണനയിലുണ്ട്. ആയത് 1987-88 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(സി) സിഡ്കോ, കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സൊസൈറ്റി, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ (വനിതകളുടെ വ്യവസായം ഉൾപ്പെടെ) ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ശുപാർശ വ്യവസായവകുപ്പ് ചെയ്യുന്നുണ്ട്. കൂടാതെ ഗവൺമെൻറ് ആവശ്യത്തിനായി സാധനങ്ങൾ വാങ്ങുമ്പോൾ 'ടി' വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് 15 ശതമാനം പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്.

കുണ്ടറയിലെ സിറാമിക്സ് ഫാക്ടറിയിലെ ലേ ഓഫ്

283 [351] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറയിലെ സിറാമിക്സ് ഫാക്ടറി ലേ ഓഫ് ചെയ്തതായി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ലേ ഓഫ് ചെയ്തു ;

(സി) ഇതിൻറെ ഫലമായി ജോലി നഷ്ടപ്പെട്ട എത്ര തൊഴിലാളികൾ ഉണ്ട് ;

(ഡി) ലേ ഓഫിൻറെ കാരണം വ്യക്തമാക്കാമോ ; ഈ ഫാക്ടറി സ്ഥിരമായി പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986 ജൂൺ 14 മുതൽ.

(സി) ഇതിൻറെ ഫലമായി ജോലി നഷ്ടപ്പെട്ട തൊഴിലാളികൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി വിതരണം വ്യവസായ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി നിർത്തിയതിനെ തുടർന്നാണ് ലേ ഓഫ് പ്രഖ്യാപിച്ചത്. എന്നാൽ കടുത്ത സാമ്പത്തിക പരാധീനത കമ്പനിക്കുണ്ടായതുമൂലമാണ് ഇപ്പോഴും തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്.

ഈ ഫാക്ടറി തുറന്നു ലാഭകരമായി പ്രവർത്തിക്കുവാൻ വേണ്ട പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ്

284 [352] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ് പിൻവലിച്ചതിനു ശേഷവും സീനിയർ മോസ്റ്റ് ജീവനക്കാർ ഇപ്പോഴും പുറത്ത് നിൽക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ കമ്പനി മാനേജുമെന്റിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 27-8-1986-ൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ് പിൻവലിച്ചു. പ്ലാന്റുകളുടെ പ്രവർത്തനത്തിന്റെ പുരോഗതിയനുസരിച്ച് തൊഴിലാളികളെ തിരിച്ച് വിളിച്ച് ക്കൊണ്ടിരുന്നു. ഇപ്പോഴും ആരുംതന്നെ ലേ ഓഫിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള സിറാമിക്സിന്റെ നഷ്ടം

285 [353] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സിറാമിക്സ് എന്ന പൊതുമേഖലാ വ്യവസായ സ്ഥാപനം, 1982-83 സാമ്പത്തികവർഷം മുതൽ 1985-86 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ (വർഷങ്ങളിൽ) വരുത്തിയ നഷ്ടം ഓരോ വർഷവും എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

കേരള സിറാമിക്സ് 1982-83 സാമ്പത്തികവർഷം മുതൽ 1985-86 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ വരുത്തിയ നഷ്ടം താഴെപ്പറയും പ്രകാരമാണ്.

1982-83	95.79	ലക്ഷം രൂപ
1983-84	85 49	,,
1984-85	74.58	,,
1985-86	121.96	,,

LIBRARY ARCHIVES Kerala Legislative Assembly